പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1182 — 12.07.2016-ൽ മറുപടിക്ക്

## മുടങ്ങുന്ന കെ.എസ്.ആർ.ടി.സി സർവ്വീസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി. വീണാ ജോർജ്ജ് | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |
| (എ) | കെ.എസ്.ആർ.ടി.സി യുടെ പത്തനംതിട്ട ഡിപ്പോയിൽ ജീവനക്കാരുടെ എണ്ണം കുറവായതിനാൽ സർവ്വീസുകൾ മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സാഹചര്യത്തിൽ ഡിപ്പോയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എ) | ജീവനക്കാരിൽ ചിലർ അപ്രതീക്ഷിതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന ദിവസങ്ങളിൽ സർവ്വീസുകൾ മുടങ്ങാറുണ്ട്.<br>പത്തനംതിട്ട യൂണിറ്റ് ഉൾപ്പെടെ കെ.എസ്.ആർ.ടി.സിയുടെ എല്ലാ യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന ഒഴിവുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കെ.എസ്.ആർ.ടി.സി പി.എസ്.സിക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത്. മെക്കാനിക്കൽ, കണ്ടക്ടർ വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡ്രൈവർമാരുടെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ